# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.49

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി, കണ്ണൂർ എയർപോർട്ട് എന്നിവയിലെ ഓഡിറ്റ്

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ. സി. മമ്മൂട്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെയും കണ്ണൂർ എയർപോർട്ടിന്റെയും കണക്കുകൾ സി. ആന്റ് എ.ജി സമഗ്ര ഓഡിറ്റ് നടത്തിയാൽ അത് നിക്ഷേപകർക്ക് തെറ്റായ സന്ദേശം നൽകുമെന്ന് കരുതുന്നുണ്ടോ; | കിഫ്ബിയുടെ എല്ലാ വരവു ചെലവു കണക്കുകളും സമ്പൂർണ്ണ C&AG ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ടു തവണ പ്രസ്തുത ഓഡിറ്റ് നടന്നിട്ടുള്ളതുമാണ്. കണക്കുകൾ സി&എജി സമഗ്ര ഓഡിറ്റ് നടത്തിയാൽ അത് നിക്ഷേപകർക്ക് തെറ്റായ സന്ദേശം നൽകുമെന്ന് കരുതുന്നില്ല. സെക്ഷൻ 14 (1) പ്രകാരമുള്ള സമഗ്ര ഓഡിറ്റ് നടത്താവുന്നതാണെന്ന് സി.&എ.ജി അറിയിച്ചിരുന്നു. ഇപ്രകാരമുള്ള സമഗ്ര ഓഡിറ്റിനായി രണ്ട് തവണ സി&എ.ജി കിഫ്ബിയിൽ വരുകയുണ്ടായി. എന്നാൽ ആക്ട് അനുശാസിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ നിലനിൽക്കെ ആ ചുമതല സമാന്തരമായി നിർമ്മിക്കപ്പെടുന്നതും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും നിക്ഷേപകരിൽ ആശങ്കകൾ സൃഷ്ടിച്ചേക്കാം എന്നുമാണ് സി&എജി യെ അറിയിച്ചത്. സെക്ഷൻ 14(1) പ്രകാരമുള്ള ഓഡിറ്റിനു നിയമപരമായി ഒരു ഓഡിറ്റിങ് പരിമിതികളും ഇല്ല. |
| (ബി) നിലവിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ഓഡിറ്റ് എപ്രകാരമാണ് നടക്കുന്നതെന്ന് അറിയിക്കുമോ; | 1. കിഫ്ബി C&AG യുടെ സമ്പൂർണ്ണ ഓഡിറ്റിന് വിധേയമാണ്. ഇതിനോടകം രണ്ട് തവണ പ്രസ്തുത ഓഡിറ്റ് നടന്നിട്ടുണ്ട്.<br>2. കിഫ് ആക്ട് അനുശാസിക്കും പ്രകാരം സർക്കാർ നിയമിച്ച |

| | |
|---|---|
| | ഒരു സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിങ് നടന്നുവരുന്നു. കൂടാതെ നിക്ഷേപകരുടെ താല്പര്യം കണക്കിലെടുത്ത് സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററേയും പീർ റിവ്യൂ ഓഡിറ്ററേയും നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (സി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് സി. ആന്റ് എ.ജി മുഖേന സമഗ്രമായ ഓഡിറ്റ് നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | കിഫ്ബിയുടെ എല്ലാ വരവു ചെലവു കണക്കുകളും C&AG ഓഡിറ്റിന് വിധേയമാണ്. CAG DPC ACT Section 14(1) പ്രകാരം C&AG യ്ക്ക് കിഫ്ബിയിലുള്ള ഓഡിറ്റ് അധികാരത്തിന് ഒരു തരത്തിലുള്ള പരിമിതിയും ഇല്ലാത്തതും ഓഡിറ്റ് സുഗമമായി നടന്നിട്ടുള്ളതുമാണ്. കിഫ്ബി അതിന്റെ എല്ലാ പ്രവർത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെയും സംബന്ധിച്ച തത്സമയ വിവരങ്ങൾ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. ഇന്ത്യൻ ഭരണഘടന പ്രകാരം പരമോന്നത ഓഡിറ്റിങ് സ്ഥാപനം എന്ന നിലയിൽ കിഫ്ബിയെ ഓഡിറ്റ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സെക്ഷൻ 14(1) പ്രകാരം സി&എജിയ്ക്കുണ്ട്. സെക്ഷൻ 14(1) പ്രകാരം ഓഡിറ്റ് നടത്താവുന്നതാണെന്ന് സി&എ.ജിയെ അറിയിക്കുകയും അതിൻ പ്രകാരം ഓഡിറ്റ് നടക്കുകയും ചെയ്തിരുന്നു. |

**ജോയിന്റ് സെക്രട്ടറി**